(സി) കോടതിയിലെ കേസുകൾ മുഖാന്തിരമാണ് കുടിശ്ശിക വരുന്നത്. നിയമനടപടികൾ സ്വീകരിക്കുന്നതു കൂടാതെ ഡയറക്ടർ ബോർഡ് തീരുമാന പ്രകാരം കേസുകൾ ഒഴിവാക്കി കുടിശ്ശിക ഈടാക്കുന്നുമുണ്ട്.

60 (3385) വാടകയിനത്തിൽ ലഭിക്കുന്ന വരുമാനം

<u>ശ്രീ. ടി.എം. ജേക്കബ്</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി. ബസ്സ്റ്റാൻഡുകളിൽ സ്റ്റാളുകൾ വാടകയ്ക്ക് നല്കുന്നതിനുള്ള മാനദണ്ഡമെന്താണ്;

(ബി) കോഴിക്കോട് ബസ്സ്റ്റേഷനിലെ രണ്ടു സ്റ്റാളുകളുടെ നടത്തിപ്പ് സംബന്ധിച്ച് എന്തെങ്കിലും കോടതിവിധി ഉണ്ടായിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(സി) ഇതുസംബന്ധമായി എന്തെങ്കിലും പരാതി സർക്കാരിനു ലഭിച്ചിട്ടുണ്ടോ? എങ്കിൽ ആരിൽ നിന്നെല്ലാമാണ്;

(ഡി) കോഴിക്കോട് എറണാകുളം തിരുവനന്തപുരം ബസ്സ്റ്റേഷനുകളിൽ എത്ര സ്റ്റാളുകൾ വാടകയ്ക്ക് കൊടുക്കുന്നുണ്ട്;

(ഇ) അതിൽ നിന്നും കെ.എസ്.ആർ.ടി.സി.ക്കു ലഭിക്കുന്ന വരുമാനം എത്രയാണെന്നു വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ) കെ.എസ്.ആർ.ടി.സി.യുടെ ഡയറക്ടർ ബോർഡ് തീരുമാനമനുസരിച്ച് സ്റ്റാളുകൾ നിലവിലുള്ള ലൈസൻസ് ഫീസിൽ 15% വർദ്ധനവിൽ ഓരോ വർഷത്തേക്ക് കരാർ ദീർഘിപ്പിച്ച് കൊടുക്കുകയാണ് കീഴ്വഴക്കം. എന്നാൽ അടുത്ത കാലത്തുണ്ടായ ഹൈക്കോടതി വിധിയും തുടർന്നുണ്ടായ സുപ്രീംകോടതി വിധിയും കാരണം ഇപ്പോൾ സന്നിഗ്ദ്ധാവസ്ഥ നിലവിലുണ്ട്.

(ബി) കോഴിക്കോട് ബസ്സ് സ്റ്റേഷനിലെ മൂന്ന്, നാല് എന്നീ സ്റ്റാളുകളുടെ നടത്തിപ്പ് സംബന്ധിച്ച് ബഹു. ഹൈക്കോടതിയുടെ ഉത്തരവുണ്ട്. മൂന്ന്, നാല് എന്നീ സ്റ്റാളുകളുടെ ഉടമകൾ കെ.എസ്.ആർ.ടി.സി.ക്കെതിരെ സമർപ്പിച്ച കേസുകൾ കോടതി തള്ളിക്കളയുകയും സ്റ്റാളുടമകളെ ഒഴിപ്പിക്കുവാനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിരുന്നുവെങ്കിലും വീണ്ടും കോടതിവിധിയുടെ പശ്ചാത്തലത്തിൽ മൂന്നാം നമ്പർ സ്റ്റാളുടമയെ സുപ്രീം കോടതിയുടെ തീരുമാനത്തിനുവിധേയമായി പുനഃപ്രവേശിപ്പിക്കുകയും ചെയ്തിട്ടുണ്ട്. 4-ാം നം. സ്റ്റാളുടമയുടെ കാര്യത്തിൽ മേൽനടപടികൾ സ്വീകരിച്ചു വരുന്നു.

(സി) കോടതിയുടെ ഉത്തരവ് പ്രകാരം ഒഴിപ്പിക്കൽ നടപടിക്കു വിധേയനായ മൂന്നാം നമ്പർ സ്റ്റാളിന്റെ ലൈസൻസി കുടിശ്ശിക തുക മുഴുവൻ അടച്ചുതീർത്തശേഷം സ്റ്റാൾ തുറന്നു കിട്ടുന്നതിനായി അപേക്ഷ സമർപ്പിച്ചിരുന്നു. അതിനു പുറമെ ടി.വി. മുഹമ്മദ് മരയ്ക്കാർ എന്നൊരാളിന്റെ പരാതിയും ഇതു സംബന്ധിച്ച് ലഭിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി)	കോഴിക്കോട്	-	6
	എറണാകുളം	-	17
	തിരുവനന്തപുരം	-	15
(ഇ)	തിരുവനന്തപുരം	-	രൂപ 1092600/-
	എറണാകുളം	-	1099500/-
	കോഴിക്കോട്	-	331944/-
	പ്രതിവർഷമാകെ രൂപ		2524044/-

61 (3386) കെ.എസ്.ആർ.ടി.സി. ഷോപ്പിംഗ് കോംപ്ലക്സ്

ശ്രീ. എം.വി. ജയരാജൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ ഒരു ഷോപ്പിംഗ് കോംപ്ലക്സ് പണിയാനുള്ള നിർദ്ദേശം പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ ഇതു സംബന്ധിച്ച് വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(സി) കണ്ണൂരിലെ പ്രധാനപ്പെട്ട വ്യാപാരകേന്ദ്രമായതിനാൽ നിർദ്ദിഷ്ട ഷോപ്പിംഗ് കോംപ്ലക്സിന്റെ മുറികൾ വാടകയ്ക്കെടുക്കാൻ ധാരാളം പേർ താൽപ്പര്യം പ്രകടിപ്പിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഷോപ്പിംഗ് കോംപ്ലക്സ് പണിയാൻ എസ്റ്റിമേറ്റ് പ്രകാരം എത്ര തുക വേണം;

(ഇ) ഈ തുക അനുവദിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 6-8-97-ൽ കൂടിയ കെ.എസ്.ആർ.ടി.സി. ഡയറക്ടർ ബോർഡിന്റെ തീരുമാനപ്രകാരം ഷോപ്പിംഗ് കോംപ്ലക്സ് പണിയുന്നതിനാവശ്യമായ പണം സ്വരൂപിക്കുന്നതിനായി നിർദ്ദിഷ്ട ഷോപ്പിംഗ് കോംപ്ലക്സിലെ 24 കടമുറികൾ 9-3-98-ൽ ലേലം ചെയ്തു. 20 കടമുറികൾക്കുള്ള പലിശ രഹിത ഡെപ്പോസിറ്റുകൾ നിശ്ചയിച്ചുറപ്പിച്ചു ലേലം കൊണ്ടവരിൽനിന്നും പ്രസ്തുത തുക മൂന്നു തുല്യ ഗഡുക്കളായി ഈടാക്കുവാനാണ് തീരുമാനിച്ചിട്ടുള്ളത്. ആദ്യഗഡു സമാഹരിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായിട്ടുണ്ട്. ഷോപ്പിംഗ് കോംപ്ലക്സിൽ ആദ്യഘട്ട പണികൾക്കുള്ള കരാർ ഉറപ്പിക്കുകയും പ്രാഥമിക ജോലികൾ ആരംഭിക്കുകയും ചെയ്തു. സൈറ്റ് എഞ്ചിനീയേഴ്സിന്റെ നിയമനം പൂർത്തിയാകുന്ന മുറയ്ക്ക് നിർമ്മാണപ്രവർത്തനങ്ങൾ പുനരാരംഭിക്കുന്നതാണ്.

(സി) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly